"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിൽ അണ്ടർ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീമതി. ഷൈനി വർഗ്ഗീസ് - ന്റെ മകളായ കുമാരി. ലിയ മാത്യൂ -ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1004/2025/GAD തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:-
1. സ.ഉ. (പി) നം. 12/99/ഉഭപവ തീയതി 24.05.1999.
2. സ.ഉ. (പി) നം. 07/2018/ഉഭപവ തീയതി. 28.04.2018.
3. കുമാരി. ലിയ മാത്യൂ സമർപ്പിച്ച 26.12.2023 - ലെ അപേക്ഷ.
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 08.04.2024, 03.07.2024 തീയതികളിലെ EST2-1/9/2024-KPSC നമ്പർ കത്ത്.
5. ആലപ്പുഴ ജില്ലാ കലക്ടറുടെ 11.02.2025 - ലെ DCALP/6718/2024-A7 നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിൽ അണ്ടർ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീമതി. ഷൈനി വർഗ്ഗീസ് - ന്റെ മകളായ കുമാരി. ലിയ മാത്യൂ - ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (4) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

(2) മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതരിൽ ആരും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി നേടിയിട്ടില്ലാത്തതിനാലും, അപേക്ഷകന് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് അന്തരാവകാശികളെല്ലാം സമ്മതപത്രം നൽകിയിട്ടുള്ള സാഹചര്യത്തിലും, പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം അപേക്ഷകയ്ക്ക് ജോലി ലഭിക്കുന്നതിന് അർഹതയുള്ളതായി സൂചിപ്പിച്ചുകൊണ്ട് പ്രസ്തുത അപേക്ഷ പരാമർശം (5) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടറും ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിൽ അണ്ടർ സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ ശ്രീമതി ഷൈനി വർഗ്ഗീസ് - ന്റെ മകളായ കുമാരി. ലിയ മാത്യൂ, കാപ്പിൽ കൊയ്പ്പള്ളിൽ ഹൗസ്, പുന്നകുന്നം പി. ഒ., പുളിങ്കുന്ന്, ആലപ്പുഴ - 688504 എന്ന വ്യക്തിക്ക് പരാമർശം (1) ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം, കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- കുമാരി. ലിയ മാത്യു - ന്റെ നിയമനം, ആകെ ഒഴിവുകളുടെ അഞ്ച് ശതമാനത്തിൽ (5%) അധികരിച്ചിട്ടില്ല എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

- കുമാരി. ലിയ മാത്യു - ന്റെ നിയമനം, മരണപ്പെട്ടയാളുടെ സേവനപുസ്തകത്തിലും മരണപ്പെട്ട ജീവനക്കാരൻ അവസാനം ജോലി നോക്കിയിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും നിയമനാധികാരി രേഖപ്പെടുത്തേണ്ടതാണ്.

- പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് വകുപ്പുതല പരിശോധന നടക്കുന്ന കാലയളവിലോ പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്ന അവസരത്തിലോ എന്തെങ്കിലും വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുകയോ, മറച്ചുവയ്ക്കപ്പെട്ടതായോ ബോധ്യപ്പെടുന്ന പക്ഷം ടിയാന്റെ നിയമനം റദ്ദാക്കപ്പെടുന്നതാണ്.

- തെറ്റായ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പിന്നീടുള്ള പരിശോധനയിൽ വ്യക്തമാകുന്ന പക്ഷം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയ ഉത്തരവ് റദ്ദ് ചെയ്യാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

- പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് പരാമർശം (1) ലെയും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതുമായി ബന്ധപ്പെട്ടുള്ള മറ്റ് അനുബന്ധ ഉത്തരവുകളിലെയും( subject to the condition that the total CES appointments do not exceed 5 per cent of the vacancies in a year) വ്യവസ്ഥകൾ നിയമനാധികാരി കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം
കുമാരി. ലിയ മാത്യു, കാപ്പിൽ കൊയ്പ്പള്ളിൽ, പുന്നകുന്നം പി.ഒ., പുളിങ്കുന്ന്, ആലപ്പുഴ: 688504
ജില്ലാ കളക്ടർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 06-03-2025 10:31:22
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്